## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ- ശ്രീമതി അനുപമ ടി.വി IAS, വനിത ശിശുവികസന ഡയറക്ടർ)

വിഷയം :- വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഓർഫനേജ് ഗ്രാന്റ് അനുവദിയ്ക്കുന്നതു - ജില്ലാതല ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) 1964 ലെ കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്.

2) സ.ഉ (അച്ചടി) നം. 4/2021/സാനീവ തീയതി 02.02.2021.

### ഉത്തരവ് നമ്പർ - ICPS-4(B)/908/2021(1) തീയതി : 11.01.2022

ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് പരാമർശം(1) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന ആണ് ഗ്രാന്റ് അനുവദിച്ച് വന്നിരുന്നത്. എന്നാൽ പരാമർശം(2) പ്രകാരം, കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്നതിനു ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾ (12) അനുസരിച്ച് വനിത ശിശു വികസന ഡയറക്ടർ ആണ് ഗ്രാന്റ് അനുവദിയ്ക്കേണ്ടത്. ടി ഗ്രാന്റ് അനുവദിയ്ക്കുന്നതിലേയ്ക്കായി സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് ജില്ലാതല ഇൻസ്പെക്ഷൻ ടീം രൂപീകരിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ 2020 - 21 വർഷത്തെ ഗ്രാന്റ് അനുവദിയ്ക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്ന നടപടിക്രമങ്ങളുടെ ഭാഗമായി കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനു അതാത് ജില്ലാ വനിത ശിശു വികസന ഓഫീസറുടെ നേതൃത്വത്തിൽ ചുവടെ ചേർക്കും പ്രകാരം ജില്ലാതല ഇൻസ്പെക്ഷന് ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

1. ജില്ലാ വനിത ശിശു വികസന ഓഫീസർ - ടീം ലീഡർ
2. ജില്ല ശിശു സംരക്ഷണ ഓഫീസർ - അംഗം
3. സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്, ( ജില്ല വനിത ശിശു വികസന ഓഫീസ്/ പ്രോഗ്രാം ഓഫീസ് ) - അംഗം
4. ഹെഡ് അക്കൗണ്ടന്റ് (ജില്ലാ വനിത ശിശു വികസന ഓഫീസ്) - അംഗം
5. അക്കൗണ്ടന്റ് (ജില്ലാ ശിശുസംരക്ഷണ ഓഫീസ്) - അംഗം
6. പ്രൊട്ടക്ഷൻ ഓഫീസർ (I/C) (ജില്ലാ ശിശുസംരക്ഷണ ഓഫീസ്) - അംഗം

മേൽ ഘടന പ്രകാരം ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർ ടീം രൂപീകരിക്കേണ്ടതും പ്രസ്തുത ടീം ജില്ലാ വനിത ശിശു വികസന ഓഫീസിൽ ലഭിയ്ക്കുന്ന ഗ്രാന്റിനായുള്ള അപേക്ഷകൾ പരിശോധിച്ച് ഗ്രാന്റിനു അർഹതയുള്ള സ്ഥാപനങ്ങളിൽ നേരിട്ട് ഇൻസ്പെക്ഷൻ നടത്തേണ്ടതും പരാമർശം (1), (2) പ്രകാരവും വനിത ശിശു വികസന ഡയറക്ടർ സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഗ്രാന്റ് നിർണ്ണയം നടത്തേണ്ടതുമാണ്. സ്ഥാപനങ്ങളുടെ എണ്ണം കൂടുതലുള്ള ജില്ലകളിൽ ഗസറ്റഡ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മൂന്നു പേരെങ്കിലും അടങ്ങുന്ന കൂടുതൽ ടീമുകളെ ജില്ലാ ഓഫീസർക്ക് നിയോഗിക്കാവുന്നതാണ്.

**(ഒപ്പ്)**
**വനിത ശിശുവികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്

1) എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3) സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**